(സി) ഐ.ഒ.സി, എച്ച്.പി.സി, ബി.പി.സി ഈ മൂന്ന് എണ്ണക്കമ്പനിക ളുടേയും പൊതുവായ ടോൾ ഫ്രീ നമ്പർ 1800-233-3555-ഉം ബന്ധപ്പെട്ട ഏര്യാ മാനേജർമാരുടേയും സെയിൽസ് ഓഫീസർമാരുടേയും ഫോൺ നമ്പരുകളും എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്നും കൂടാതെ എല്ലാ ഔദ്യോഗിക നമ്പരുകളും എണ്ണക്കമ്പനികളുടെ വെബ്സൈറ്റിൽ ലഭ്യമാണെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതി നായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

ദേശീയ നിലവാരമുള്ള റോഡുകളുടെ നിർമ്മാണം

11 (*251) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ നിലവാരമുള്ള റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്ന തെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദ മാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി & സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡുവികസന പദ്ധതിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികളിൽ റോഡുകളുടെ 15 വർഷത്തേക്കുള്ള പരിപാലനം സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമായിരിക്കും. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, വാഹന യാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനട യാത്രക്കാർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ ഓട്ടുപാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂൽത്തകിടിയും പൂമേട്ടുകളും വച്ചുപിടിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ടുപരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

അന്തർദ്ദേശീയ തലത്തിൽ 363 കി.മീ. റോഡുകൾ കെ.എസ്.ടി.പി. -II പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചുവരുന്നു. സുഗമവും, സുരക്ഷിതവുമായ ഡ്രൈവിംഗ്, വാഹനങ്ങൾക്കും, കാൽനടയാത്രക്കാർക്കും യാത്രാസൗകര്യം ഉറപ്പുവരുത്തൽ, അപകടനിരക്ക് കുറയ്ക്കൽ, ദീർഘകാലം ഈടു നിൽക്കുന്ന റോഡുകൾ നിർമ്മിക്കൽ, വാഹന പരിപാലന ചെലവ് കുറയ്ക്കൽ, യാത്രാസമയം കുറയ്ക്കൽ എന്നിവയും പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ ഉപരിതലം ഘട്ടംഘട്ടമായി ദേശീയ നിലവാരത്തിലേക്കുയർത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുഗമമായും സുരക്ഷിതമായും വാഹനഗതാഗതത്തിന് ഉതകുന്ന ഒരു പ്രതലമാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കൂടാതെ റോഡ് നല്ല രീതിയിൽ ബലപ്പെടുത്തുന്നതുവഴി വർഷംതോറും റോഡ് അറ്റകുറ്റപ്പണിയ്ക്കായി വേണ്ടി വരുന്ന തുകയും മറ്റ് അസൗകര്യങ്ങളും ലഘൂകരിക്കുന്നതാണ്. റോഡിന്റെ പ്രതലം ബി.എം. & ബി.സി. ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനുപുറമേ റോഡ് മാർക്കിംഗ് സുരക്ഷാ ബോർഡുകൾ, മറ്റ് റോഡു ഫർണിച്ചറുകൾ എന്നിവയാണ് വിഭാവനം ചെയ്യുന്നത്.

ദേശീയപാതാ വിഭാഗത്തിൽ പ്രസ്തുത നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർഫിനിഷർ, ബിറ്റുമിനസ് സ്പ്രെയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ദേശീയപാതകൾ എല്ലാംതന്നെ ദേശീയ/അന്തർദേശീയ നിലവാരത്തിൽ വികസിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സി.ആർ.എഫിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത സംസ്ഥാന റോഡുകളും ദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കുന്നുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡുവികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കോഴിക്കോട് നഗര റോഡുവികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കണ്ണൂർ, മലപ്പുറം, കോട്ടയം നഗര റോഡ് വികസന പദ്ധതികൾക്കുവേണ്ടി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു. കൂടാതെ, തൃശ്ശൂർ, കൊല്ലം എന്നീ നഗര റോഡുവികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. കെ.എസ്.ടി.പി.-II പദ്ധതിയിൽപ്പെട്ട കാസർഗോഡ്- കാഞ്ഞങ്ങാട് (27.78 കി.മീ.), പിലാത്തറ-പാപ്പിനിശ്ശേരി (20.9 കി.മീ.) തലശ്ശേരി-വളവുപാറ (54 കി.മീ.), 2.3 കി.മീ. ദൈർഘ്യം വരുന്ന തിരുവല്ല ബൈപ്പാസ്, എം.സി. റോഡിന്റെ ഭാഗമായ ഏറ്റുമാനൂർ-മൂവാറ്റുപുഴ വരെയുള്ള 42 കി.മീ. റോഡ്, ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെയുള്ള 45 കി.മീ. റോഡ്, പൊൻകന്നം-തൊടുപുഴ റോഡ് എന്നീ റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, പുനലൂർ-പൊൻകന്നം (82 കി.മീ.) റോഡ്, അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് ഹൈവേ (SH), മേജർ ജില്ലാ റോഡുകൾ (MDR) എന്നിവ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനു വേണ്ടി സ്ഥലലഭ്യത, വാഹനങ്ങളുടെ എണ്ണം എന്നിവ കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കുകയും നടപ്പാത, BUS bay, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും BM&BC ചെയ്ത ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly